# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.675** **29.05.2019-ൽ മറുപടിക്ക്**

### ദ്യുതി 2021

| | ചോദ്യം<br>ശ്രീ തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ദ്യുതി 2021 എന്ന ബൃഹത്തായ പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | | കേരളസർക്കാർ 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി 'ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും ആധുനികവത്കരിക്കുകയും ചെയ്തു കൊണ്ട് വൈദ്യുതി വിതരണത്തിലെ വിശ്വാസ്യത ലോക നിലവാരത്തിലേക്ക് ഉയർത്തുകയാണ് 2021 ഓടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>ഈ സമഗ്ര പദ്ധതി നടപ്പാക്കുന്നതിലൂടെ നഗര ഗ്രാമ വ്യത്യാസം ഇല്ലാതെ എല്ലായിടത്തും കുറഞ്ഞത് രണ്ട് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി എത്തിക്കാൻ കഴിയുന്ന വിധം വൈദ്യുതി വലയ സംവിധാനം രൂപപ്പെടുത്തുകയും അങ്ങനെ മുഴുവൻ സമയവും വൈദ്യുതി ലഭ്യത ഉറപ്പാക്കി ആഗോളതലത്തിലെ മികച്ച വൈദ്യുതി വിതരണ വിശ്വാസ്യത ആർജിക്കുകയുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി HT ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ശൃംഖലകളിൽ ബാക് ഫീഡിങ്ങ് സംവിധാനം ഉറപ്പു വരുത്തുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക (റീകണ്ടക്ടറിങ് വർക്കുകൾ), പുരയിടങ്ങൾക്ക് കുറുകെ കടന്ന് പോകുന്ന ലൈനുകൾ വൈദ്യുതി അപകടങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുന്ന വർക്കുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാ ചിത്രം കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവർത്തികൾ കണ്ടെത്തി അവയുടെ D.P.R തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവർത്തികളാണ് 2018 മുതൽ 2021 വരെയുള്ള നാല് വർഷ കാലയളവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 കാലയളവിൽ 783.64 കോടി രൂപയുടെ പ്രവർത്തികളാണ് വിഭാവനം ചെയ്തിരുന്നത്. ആയതിൽ നാളിതു വരെ 82.48 കോടിയുടെ (10.2%) പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 176.03 കോടിയുടെ (22.46%) പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ